ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-05-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. യോഗയെയും ആയുർവേദത്തെയും ആധുനിക ജീവിതശൈലിയുമായി സംയോജിപ്പിക്കാൻ യുവാക്കൾ മുന്നോട്ടു വരണമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   Vice President C. P. Radhakrishnan urges youth to integrate yoga and Ayurveda with modern lifestyle.

2. നീറ്റ് ചോദ്യപേപ്പർ വിഷയത്തിൽ ഗുരുതര വീഴ്ചയെന്ന് സുപ്രീം കോടതി. നീറ്റ് പുനഃപരീക്ഷ പിഴവുകളില്ലാതെ കൃത്യമായി നടത്തുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ.

   Supreme Court flags serious lapses in NEET question paper issue; Union Education Minister Dharmendra Pradhan assures error-free re-examination.

3. ഭരണ നിർവഹണം ലളിതമാക്കുമെന്നും, മതനിരപേക്ഷ മൂല്യങ്ങളെ സംരക്ഷിക്കുമെന്നും 16-ാം കേരള നിയമസഭയിൽ ഗവർണറുടെ നയപ്രഖ്യാപനം.

   Governor's policy address in the 16th Kerala Assembly assures simplified governance and protection of secular values.

4. വാഗ്ദാനങ്ങൾ പൂർണ്ണമായി പാലിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. കേരളത്തിൻറെ സമഗ്ര വികസനത്തിനുള്ള നിർദേശങ്ങൾ നയപ്രഖ്യാപനത്തിലില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി

വിജയൻ. പ്രഖ്യാപനങ്ങൾ ആത്മാർത്ഥമായി നടപ്പാക്കണമെന്ന് ബിജെപി എംഎൽഎ രാജീവ് ചന്ദ്രശേഖർ.

**Chief Minister V. D. Satheesan says government will fulfil all promises; Opposition Leader Pinarayi Vijayan criticises policy address for lacking proposals for Kerala's comprehensive development. BJP MLA Rajeev Chandrasekhar calls for sincere implementation of announcements.**

5. രാജ്യത്ത് പെട്രോൾ, ഡീസൽ, എൽപിജി എന്നിവയുടെ മതിയായ ശേഖരമുണ്ടെന്ന് കേന്ദ്ര സർക്കാർ.
   **Centre says the country has adequate stock of petrol, diesel and LPG.**

6. ഐപിഎൽ ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസ് - രാജസ്ഥാൻ റോയൽസ് പോരാട്ടം.
   **Gujarat Titans facing Rajasthan Royals in IPL second qualifier.**

*************************************

## VICE PREIDENT VISIT

ആധുനികതയും ഇന്ത്യയുടെ പുരാതന പൈതൃകവും പരസ്പര പൂരകങ്ങളാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. യോഗയെയും ആയുർവേദത്തെയും ആധുനിക ജീവിതശൈലിയുമായി സംയോജിപ്പിക്കാൻ യുവാക്കൾ മുന്നോട്ടു വരണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ബംഗളുരുവിൽ ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷൻ്റെ 45-ാം വാർഷികത്തോടനുബന്ധിച്ചുള്ള പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നാളെ പനാജിയിൽ ഗോവ സംസ്ഥാന രൂപീകരണ ദിനാഘോഷത്തെ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്യും. ഞായറാഴ്ച വൈകുന്നേരത്തോടെ കേരളത്തിലെത്തുന്ന ഉപരാഷ്ട്രപതി കോട്ടയത്ത് ദീപിക ദിനപത്രത്തിൻ്റെ 140-ാമത് വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും.

*************************************

## SC- NEET

നീറ്റ് ചോദ്യപേപ്പർ വിഷയത്തിൽ ഗുരുതര വീഴ്ചയാണുണ്ടായതെന്ന് സുപ്രീം കോടതി. മെഡിക്കൽ പ്രവേശന പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുകയായിരുന്നു ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അലോക് ആരാധെ എന്നിവരടങ്ങിയ ബെഞ്ച്. കേന്ദ്രത്തോട് സത്യവാങ്മൂലം സമർപ്പിക്കാൻ ആവശ്യപ്പെട്ട ബെഞ്ച് വാദം കേൾക്കുന്നതിനായി കേസ് ജൂലൈ രണ്ടാം വാരത്തിലേക്ക് മാറ്റി.

*****************************************

## PRADHAN-INTERVIEW (INTRO)

നീറ്റ് ചോദ്യപേപ്പർ ചോർച്ച അങ്ങേയറ്റം ദൗർഭാഗ്യകരമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. പുനഃപരീക്ഷാ പ്രക്രിയ കൃത്യമായും, പിഴവുകളില്ലാതെയും നടത്തുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. ഇതിനായി എല്ലാവരുടെയും സഹകരണം ആവശ്യമാണെന്ന് ഡിഡി ന്യൂസിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ കേന്ദ്രമന്ത്രി പറഞ്ഞു. വിദ്യാർത്ഥികളുടെ ആശങ്കകൾ സർക്കാർ മനസ്സിലാക്കുന്നുവെന്നും അർഹരായ ഒരു വിദ്യാർത്ഥിയുടെയും ഭാവി, പരീക്ഷാ മാഫിയകളുടെ കൈകളിൽ അകപ്പെടാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചതായും ശ്രീ പ്രധാൻ വ്യക്തമാക്കി.

( വോയിസ്.....)

സിബിഎസ്ഇ പുനർമൂല്യനിർണ്ണയ പോർട്ടലിലെ തകരാറുകളെക്കുറിച്ചുള്ള ആശങ്കകൾക്ക് പരിഹരിക്കുന്നതിന് സജീവമായ പ്രവർത്തനങ്ങൾ തുടരുന്നതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

*****************************************

## DELHI-NEET FREE BUS

നീറ്റ് പുനഃപരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസുകളിൽ, സൗജന്യ യാത്ര അനുവദിക്കും . സാധുവായ അഡ്മിറ്റ് കാർഡ് ഹാജരാക്കിയാൽ മതിയാകും . അടുത്ത മാസം 21 നാണ് പരീക്ഷ.

*************************************

## KERALA- POLICY ADDRESS

16-ാാം കേരള നിയമസഭയിൽ ഗവർണറുടെ ആദ്യ നയപ്രഖ്യാപനം ഇന്ന് നടന്നു. ഭരണ നിർവഹണം ലളിതവും, വേഗമേറിയതുമാക്കുമെന്നും, മതനിരപേക്ഷ മൂല്യങ്ങളെ സംരക്ഷിക്കുമെന്നും ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നയ പ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു. സംസ്ഥാനത്തിൻറെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം പുറപ്പെടുവിക്കും. കർഷകർ നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുമെന്നും കേരളത്തെ തുറമുഖ ഹബ് ആക്കി മാറ്റുമെന്നും ഗവർണർ വ്യക്തമാക്കി. എല്ലാ നഗരങ്ങളും വയോജന സൗഹൃദമാക്കുക, ലഹരി വ്യാപനത്തിനെതിരെ കർശന നടപടി , സമഗ്ര സിനിമാ നയം, മീഡിയ സിറ്റി, ക്രിയേറ്റീവ് ഇൻഡസ്ട്രി ഹബ് എന്നിവ വികസിപ്പിക്കുക തുടങ്ങിയവയും ഒരു മണിക്കൂർ ഒൻപത് മിനുട്ട് നീണ്ട നയപ്രഖ്യാപനത്തിൽ ഗവർണ്ണർ വ്യക്തമാക്കി.

*************************************

## POLICY ADDRESS-REACTION

കേരളത്തിൻറെ ഭാവിക്കും സമഗ്ര വികസനത്തിനും ജനക്ഷേമത്തിനും സഹായകമായ നിർണ്ണായക നിർദേശങ്ങളില്ലാത്ത നയപ്രഖ്യാപനമാണ് ഗവർണർ നിയമസഭയിൽ നടത്തിയതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. പശ്ചിമേഷ്യൻ യുദ്ധ സാഹചര്യം കേരളത്തെ എങ്ങനെ ബാധിക്കുമെന്നതോ പരിഹാരങ്ങളോ മുൻഗണനയിൽ വന്നിട്ടില്ലെന്നും അദ്ദേഹം വിമർശിച്ചു. നയ പ്രഖ്യാപനത്തിലെ കാര്യങ്ങൾ ആത്മാർത്ഥമായി നടപ്പാക്കാൻ തയ്യാറാകണമെന്ന്

ബിജെപി സംസ്ഥാന അധ്യക്ഷനും നേമം എംഎൽഎയുമായ രാജീവ് ചന്ദ്രശേഖർ പ്രതികരിച്ചു.

*************************************

## CM - KERALA (INTRO)

തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായി പാലിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. ഇന്ദിര ഗ്യാരൻറി നടപ്പാക്കുമെന്നും നയപ്രഖ്യാപന പ്രസംഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. ( വോയിസ്....)

കേന്ദ്ര ഏജൻസി നടത്തുന്ന അന്വേഷണത്തിൽ സംസ്ഥാന സർക്കാരിന് പങ്കില്ലെന്ന് ED റെയ്ഡ് സംബന്ധിച്ച ചോദ്യങ്ങൾക്ക് ശ്രീ വി ഡി സതീശൻ മറുപടി നൽകി. അന്വേഷണ ഉദ്യോഗസ്ഥരെ ആക്രമിച്ചത് ഗുരുതര കുറ്റകൃത്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*************************************

## CEO KERALAM

കേരളത്തിന്റെ പുതിയ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറായി എ. കൗശിഗനെ നിയമിച്ചു. സ്ഥാനമൊഴിഞ്ഞ രത്തൻ യു ഖേൽക്കർക്ക് പകരമായാണ് നിയമനം.

*************************************

## HEALTH- TABACCO DAY APP

ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച്, പുകയില രഹിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന ലക്ഷ്യം മുൻനിർത്തി - ToFEI ആപ്ലിക്കേഷന്റെ പരീക്ഷണ പതിപ്പ് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കി. രാജ്യത്തെ സ്കൂളുകളിലും കോളേജുകളിലും പുകയില രഹിത

മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതും നിരീക്ഷിക്കുന്നതും ശക്തിപ്പെടുത്തുക എന്നതാണ് ലക്ഷ്യമിടുന്നത്.

*************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഞായറാഴ്ച. പരിപാടിയുടെ 134-ാമം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം കേൾക്കാവുന്നതാണ്. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയുമുണ്ടാകും.

*************************************

## PIB FACT CHECK– PM FAKE VIDEO

ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയെ കുറിച്ചും ഇറാൻ-യുഎസ് മധ്യസ്ഥതയെക്കുറിച്ചുമുള്ള പരാമർശങ്ങൾ ഉൾക്കൊള്ളുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വീഡിയോ വ്യാജമെന്ന് കേന്ദ്ര സർക്കാർ. വീഡിയോ ഡിജിറ്റലായി മാറ്റം വരുത്തിയതും നിർമിത ബുദ്ധിയിൽ സൃഷ്ടിച്ചതുമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം വ്യക്തമാക്കി.

*************************************

## INTER- MINISTERIAL BRIEFING(INTRO)

രാജ്യത്ത് പെട്രോൾ, ഡീസൽ, എൽപിജി എന്നിവയുടെ മതിയായ ശേഖരമുണ്ടെന്ന് കേന്ദ്ര സർക്കാർ. എൽപിജി ഉത്പാദനം എക്കാലത്തെയും ഉയർന്ന നിലയിലാണെന്ന് ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ തല യോഗത്തിനു ശേഷം പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു.

( വോയിസ്....)

മേഖലയിലെ എല്ലാ ഇന്ത്യൻ നാവികരും സുരക്ഷിതരാണെന്നും നാവികരുടെ ക്ഷേമം ഉറപ്പ് വരുത്തുമെന്നും തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം ഡയറക്ടർ ഓപേഷ് കുമാർ ശർമ്മ വ്യക്തമാക്കി.

*************************************

## HORMUZ TRANSIT

ഇന്ത്യയിലേക്കുള്ള എണ്ണ ടാങ്കറായ നിസ്സോസ് കെറോസ് ഹോർമുസ് കടലിടുക്ക് കടന്നു. കപ്പൽ ജൂൺ മൂന്നോടെ വിശാഖപട്ടണത്ത് എത്തിച്ചേരും. ഹോർമുസിൽ സംഘർഷങ്ങൾ തുടരുന്നതിനിടെയാണ്, ഐ ആർ ജി സി, 23 വാണിജ്യ കപ്പലുകൾ കടലിടുക്ക് വഴി കടത്തിവിട്ടത്.

*************************************

## IPL

ഐപിഎൽ ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ, ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസ് പോരാട്ടം. ടോസ് നേടിയ രാജസ്ഥാൻ ബാറ്റിംഗ് തിരഞ്ഞെടുത്തു. വിജയികൾ ഞായറാഴ്ച നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

****************************************

## U18 HOCKEY ASIA CUP

ജപ്പാനിൽ ഇന്ന് നടന്ന അണ്ടർ 18 ഏഷ്യാ കപ്പ് പുരുഷ ഹോക്കിയിൽ ,കസാക്കിസ്ഥാനെ എതിരില്ലാത്ത 13 ഗോളിന് പരാജയപ്പെടുത്തി ഇന്ത്യ. ക്യാപ്റ്റൻ കേതൻ കുശ്വാഹ ഹാട്രിക് നേടി. മറ്റന്നാൾ ഇന്ത്യ , ജപ്പാനെ നേരിടും.

****************************************

## KERALA RAIN

കേരളത്തിൽ മഴ ശക്തമാകുന്നു. ജൂൺ രണ്ടു വരെ കേരളത്തിലും മാഹിയിലും ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

****************************************

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 1,092 പോയിന്റ് ഇടിഞ്ഞ് 74,776 ലും നിഫ്റ്റി 359 പോയിന്റ് നഷ്ടത്തിൽ 23,548 ലും വ്യാപാരം അവസാനിപ്പിച്ചു.

**********************************************************************